# കേരള കാർഷിക സർവകലാശാല

## വിജ്ഞാപനം

നം.CCCES/1036/2024-A2 തീയതി. 05-06-2024

കാലാവസ്ഥ വ്യതിയാന പരിസ്ഥിതി ശാസ്ത്ര കോളേജിലെ താഴെ പറയുന്ന വിവിധ വിഷയങ്ങളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് കരാർ നിയമനത്തിനുള്ള അപേക്ഷ ക്ഷണിയ്ക്കുന്നു. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ വിജ്ഞാപനത്തോടൊപ്പം നൽകിയിരിക്കുന്ന പ്രൊഫോർമയിൽ 21.06.2024 തിയ്യതിയ്ക്കകം കാലാവസ്ഥ വ്യതിയാന പരിസ്ഥിതി ശാസ്ത്ര കോളേജിന്റെ ccces@kau.in എന്ന ഇ-മെയിൽ മുഖേന അപേക്ഷകൾ സമർപ്പിയ്ക്കേണ്ടതാണ്.

| Discipline | Number of vacancies | Essential Qualification | Consolidated Remuneration |
|---|---|---|---|
| 1. Oceanography | 1 | 1. Master's Degree in Physical Oceanography.<br>2. NET qualification in the concerned discipline | Rs. 44,100/- per month |
| 2. Meteorology/Atmospheric Science | 1 | 1. Master's Degree in Meteorology / Physical Atmospheric Science.<br>2. NET qualification in the concerned discipline. | |

മേൽ തസ്തികകളിലേയ്ക്കുള്ള അഭിമുഖം 24.06.2024 തിയ്യതിയിൽ കാലാവസ്ഥ വ്യതിയാന പരിസ്ഥിതി ശാസ്ത്ര കോളേജ്, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കരയിൽ വെച്ച് നടത്തുന്നതാണ്. ഇന്റർവ്യൂവിന് മുന്നോടിയായുള്ള സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി അന്നേ ദിവസം രാവിലെ 9 മണിയ്ക്ക് ഉദ്യോഗാർത്ഥികൾ ഓഫീസിൽ ഹാജരാകേണ്ടാതാണ്. നെറ്റ് യോഗ്യത നേടിയ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നെറ്റ് ഇല്ലാത്ത ഉദ്യോഗാർത്ഥികളെ നിയമനത്തിന് പരിഗണിയ്ക്കുന്നതാണ്.

1. കരാർ നിയമനങ്ങളുടെ കാലാവധി ഒരു വർഷമോ, അല്ലെങ്കിൽ സ്ഥിരം നിയമനം നടക്കുന്നത് വരെയോ, ഏതാണോ ആദ്യം വരുന്നത്, മാത്രമായിരിക്കും..
2. കരാർ അടിസ്ഥാനത്തിൽ നിയമനം നേടുന്ന ഉദ്യോഗാർത്ഥികൾക്ക് വിജ്ഞാപന പ്രകാരം വാഗദാനം ചെയ്തിരിക്കുന്ന വേതനത്തിന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. നിയമനം നേടുന്ന ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുമ്പോൾ 200/- രൂപയുടെ മുദ്രപത്രം നിശ്ചിത മാതൃകയിൽ തയ്യാറാക്കി നൽകണം. കരാർ നിയമനം നേടുന്ന ഉദ്യോഗാർത്ഥികൾക്ക് സർവ്വകലാശാല ഭാവിയിൽ നടത്തുന്ന നിയമനങ്ങളിൽ യാതൊരുവിധ പരിഗണനയും ലഭിയ്ക്കുന്നതല്ല.
3. ഉദ്യോഗാർത്ഥിയുടെ പ്രായം 31/05/2024 തിയ്യതിയിൽ 40 വയസ്സ് അധികരിക്കരുത്. സർക്കാർ നിയമ പ്രകാരമുള്ള വയസ്സിളവിന് ഉദ്യോഗാർത്ഥികൾ അർഹരായിരിക്കും.
4. വയസ്സ്, വിദ്യഭ്യാസ യോഗ്യത, പ്രവർത്തിപരിചയം, അധിക യോഗ്യതകൾ എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പം ഇന്റർവ്യൂ സമയത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

5. അപേക്ഷകരുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ അഭിമുഖത്തിന് മുന്നോടിയായി എഴുത്ത് പരീക്ഷ നടത്തുന്നതായിരിക്കും.
6. ഇന്റർവ്യൂവിന് ഹാജരാകുന്ന ഉദ്യോഗാർത്ഥികൾക്ക് യാത്രബത്ത/ക്ഷാമബത്ത അനുവദിക്കുന്നതല്ല.
7. കരാർ നിയമനം നേടുന്ന ഉദ്യോഗാർത്ഥികൾ കെ.എ.യു. റൂൾസ്/സ്റ്റാറ്റ്യൂട്ട് പ്രകാരം ഡീൻ, സി.സി.സി.ഇ.എസ്. ഏൽപ്പിക്കുന്ന എല്ലാ ഉത്തരവാദിത്വങ്ങളും ഏറ്റെടുക്കേണ്ടതാണ്.
8. കരാർ കാലയളവിൽ പ്രവർത്തനം തൃപ്തികരമല്ലെങ്കിൽ കരാർ നിയമനം റദ്ദാക്കുന്നതാണ്. ഉദ്യോഗാർത്ഥി കരാർ കാലവളവിൽ വ്യക്തമായ കാരണങ്ങളില്ലാതെ നോട്ടീസ് നൽകാതെ പിരിഞ്ഞ് പോകുകയാണെങ്കിൽ ഒരു മാസത്തെ വേതനം സർവ്വകലാശാല ഈടാക്കുന്നതാണ്.

P O Nameer
DEAN CCCES

പകർപ്പ്

വൈസ്ചാൻസലറുടെ പി.എ, കെ.എ.യു. /രജിസ്ട്രാർ, കെ.എ.യു./ഡയറക്ടർ ഓഫ് ഇൻഫർമേഷൻ സിസ്റ്റംസ്, കെ.എ.യു/പബ്ലിക് റിലേഷൻ ഓഫീസർ, കെ.എ.യു/നോട്ടീസ് ബോർഡ്.